"ഭരണഭാഷ- മാതൃഭാഷ"

പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 858. 14.01.2021 -ൽ മറുപടിയ്ക്ക്

## വനമേഖലകൾക്ക് ചുറ്റും ബഫർ സോൺ സൃഷ്ടിക്കൽ

| | ചോദ്യം<br>ശ്രീ.കെ. സി. ജോസഫ് : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും,<br>മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വനമേഖലയുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വനമേഖലകൾക്കും ചുറ്റും ഒരു കി.മീ. ചുറ്റളവിൽ ബഫർ സോൺ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും പാരിസ്ഥിതിക സംവേദക മേഖല (ബഫർ സോൺ) രൂപീകരിക്കുന്നത് വനമേഖലയുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയല്ല. |
| (ബി) | ഇതിലൂടെ വനവിസ്തൃതിയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടാക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്; | (ബി) | ഇതിലൂടെ വനവിസ്തൃതിയുടെ വർദ്ധനവ് ലക്ഷ്യമാക്കുന്നില്ല |
| (സി) | മനുഷ്യ വന്യജീവി സംഘട്ടനങ്ങളുടെ പേരിൽ ജനവാസ മേഖല ഉൾപ്പെടെയുള്ള ഭാഗത്തേക്ക് വനവിസ്തൃതി വർദ്ധിപ്പിക്കുന്നത് കാർഷിക മേഖലയ്ക്കും, കർഷകർക്കും ഒരുപോലെ പ്രതിസന്ധി സൃഷ്ടിക്കുകയില്ലേ എന്ന് വെളിപ്പെടുത്താമോ; | (സി) | പാരിസ്ഥിതിക സംവേദക മേഖലയുടെ രൂപീകരണത്തിലൂടെ കാർഷിക മേഖലയ്ക്കും കർഷകർക്കും പ്രതിസന്ധി സൃഷ്ടിക്കുന്നതിനായുള്ള നടപടികൾ ഉണ്ടായിട്ടില്ല. പരിസ്ഥിതി മലിനീകരണം, പാരിസ്ഥിതിക ആഘാതം എന്നിവയിൽ നിന്ന് വന്യജീവി സങ്കേതങ്ങൾക്ക് സംരക്ഷണം, വനനശീകരണം തടയൽ എന്നിവയാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | ഇക്കാര്യത്തിലുള്ള ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി 28.09.2020-ൽ ബഹു.വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ / അർദ്ധസർക്കാർ / പൊതു മേഖല സ്ഥാപനങ്ങൾ എന്നിവയെയും ഒഴിവാക്കിക്കൊണ്ടുള്ള കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ശെന്തുരുണി, പെരിയാർ ടൈഗർ റിസർവ്വ്, ഇടുക്കി, തട്ടേക്കാട്, പീച്ചി-വാഴാനി, ചൂലന്നൂർ, പറമ്പിക്കുളം, സൈലന്റ്‌വാലി, മലബാർ, വയനാട്, ആറളം, കൊട്ടിയൂർ എന്നി വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖലയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോട് കൂടിയുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |

Noushad.S

സെക്ഷൻ ഓഫീസർ